(ബി) എല്ലാ മുനിസിപ്പാലിറ്റികളിലും ഫയർ സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പെരിന്തൽമണ്ണയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യത്തിൻമേൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പെരിന്തൽമണ്ണയിൽ ഫയർസ്റ്റേഷൻ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഒരു ജില്ലയിൽ ഒരു ഫയർ സ്റ്റേഷൻ വീതം ആരംഭിക്കുന്നതിന് സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന സ്ഥലപ്പേരുകൾ ഉൾപ്പെടുത്തി മുൻഗണനാലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ എഫ് ആന്റ് ആർ.എസ്. കമാന്റന്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പതിനൊന്നാം ധനകാര്യ കമ്മീഷൻ തുക ഉപയോഗിച്ച് കെട്ടിട നിർമ്മാണം നടന്നുവരുന്നു.

(ഡി) കെട്ടിടം പണി പൂർത്തിയായതിനുശേഷം ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതാണ്.

റാന്നി ഫയർ സ്റ്റേഷനിലെ വാഹനങ്ങൾ

80 (3034) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി ഫയർ സ്റ്റേഷനിലെ ഇപ്പോഴുള്ള വാഹനങ്ങളുടെ എണ്ണം, മോഡൽ (വർഷം) ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) റാന്നി ടൗണിലെ മാമൂക്കിൽ തീപിടുത്തം ഉണ്ടായപ്പോൾ ഫയർ എഞ്ചിൻ സ്റ്റാർട്ടാക്കാൻ താമസിച്ചതുമൂലം അറിയിപ്പ് കിട്ടി അര മണിക്കൂർ കഴിഞ്ഞു മാത്രമേ പുറപ്പെടാൻ സാധിച്ചുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വാഹനങ്ങളുടെ പഴക്കംമൂലം എഞ്ചിൻ സ്റ്റാർട്ടാക്കാൻ വൈകിയതിനാൽ ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടം ഉണ്ടാവുന്നത് തടയാൻ കഴിഞ്ഞില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) റാന്നി ഫയർസ്റ്റേഷനിലെ പഴയ വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) റാന്നി ഫയർ സ്റ്റേഷന് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാട്ടർ ടെണ്ടർ :12/1992-ഉം 2003-ഉം മോഡൽ, ഇൻഡസ്ട്രീയൽ വാട്ടർ ടെണ്ടർ-1, 1992 മോഡൽ ജീപ്പ്-1 2003 മോഡൽ ആംബുലൻസ്-1, 1993 മോഡൽ.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) പുതിയ ഒരു വാട്ടർടെണ്ടറും ഒരു ജീപ്പും റാന്നി ഫയർസ്റ്റേഷന് 2003 ജൂണിൽ അലോട്ട് ചെയ്തിട്ടുണ്ട്.

(ഇ) സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

വിവിധതരം പരോളുകൾ

81 (3035) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ജയിലുകളിലെ തടവുകാർക്ക് ഏതെല്ലാം രീതിയിലുള്ള പരോളുകളാണ് ഇപ്പോൾ നൽകിവരുന്നത് ;

(ബി) ജയിലിലെ തടവുകാർക്ക് നൽകിവരുന്ന അടിയന്തിര പരോൾ നീട്ടിക്കൊടുക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് നിലപാട് വെളിപ്പെടുത്തുമോ ;

(സി) അടിയന്തിര പരോൾ നീട്ടിക്കൊടുക്കാൻ പാടില്ലെന്നു ബഹുമാനപ്പെട്ട ഹൈക്കോടതി എന്തെങ്കിലും പരാമർശം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ഡി) ജയിൽ സൂപ്രണ്ട് നൽകി വരുന്ന അടിയന്തിര പരോൾ നീട്ടിക്കൊടുക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള ജയിൽ ചട്ടങ്ങളിലെ അദ്ധ്യായം 26 പ്രകാരം കേരളത്തിലെ വിവിധ ജയിലുകളിലെ തടവുകാർക്ക് സാധാരണ അവധി അടിയന്തിര അവധി എന്നിവ അനുവദിച്ചു വരുന്നു. ഇതിനു പുറമേ കേരള ജയിൽചട്ടം 466 (എ) പ്രകാരം തുറന്ന ജയിലിലെ തടവുകാർക്ക് മാത്രം ഒരു വർഷം 15 ദിവസത്തെ ഹോം ലീവിനും അർഹതയുണ്ട്.

(ബി) തടവുകാർക്ക് ഇപ്പോൾ വകുപ്പുതലത്തിൽ 10 ദിവസം വരെ അടിയന്തിര അവധി നൽകുന്നുണ്ട്. സർക്കാർ തലത്തിൽ ഈ അവധി ദീർഘിപ്പിച്ചു നൽകിയിരുന്നുവെങ്കിലും ബഹു. കേരളാഹൈക്കോടതിയുടെ 400/01 എന്ന വിധി ന്യായത്തിൽ (4-6-2002) അടിയന്തിര പരോൾ ദീർഘിപ്പിച്ചു നൽകുന്നതിലെ അപാകതകളെക്കുറിച്ച് ഉണ്ടായ പരാമർശത്തെത്തുടർന്ന് അടിയന്തിര പരോൾ ദീർഘിപ്പിച്ചു നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി റിട്ട. ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി ഒരു

LIBRARY ARCHIVES Kerala Legislative Assembly